**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** — **26-07-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി -ധനുഷ്കോടി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന "Rehabilitation & upgradation of NH 85 from Km 119/017 to Km 161/300 (Bodimettu to Munnar) to two lane with paved shoulder on EPC Mode" എന്ന പ്രവൃത്തി നിലവിൽ 79% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഗ്യാപ്പ് റോഡിൽ പാതയുടെ വീതി കൂട്ടുന്നതിന്റെ മറവിൽ അനധികൃതമായി വൻതോതിൽ പാറ പൊട്ടിച്ച് കടത്തിയതായി കളക്ടർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത അന്വേഷണ സംഘത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | അന്വേഷണ സംഘത്തിൽ ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ തഹസീൽദാർമാർ, ടി താലൂക്ക് സർവ്വെയർമാർ, ഇടുക്കി ജില്ല ജിയോളജിസ്റ്റ് എന്നിവരെയാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (ഡി) | ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ സർക്കാരിന് എന്തെങ്കിലും വിവരം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | നിർദ്ദിഷ്ട ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഇ) | നിർമ്മാണ പ്രവൃത്തികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ